## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4336** **17/12/2014-ൽ മറുപടിക്ക്**

# പാലക്കാട് ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ കാൻസർ രോഗബാധിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കാൻസർ രോഗം വ്യാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; | (ബി) | പഠനം നടത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കാൻസർ ബാധിതരുടെ എണ്ണം കൂടുതൽ ഉള്ളത് എന്ന് വ്യക്തമാക്കുമോ ; | (സി) | മണ്ണാർക്കാട് പഞ്ചായത്തിൽ നിന്നുമാണ് കൂടുതൽ രോഗികൾ എത്തിയിട്ടുള്ളത്. |
| (ഡി) | കാൻസർ രോഗബാധിതരുടെ ചികിത്സക്കായി നിലവിൽ ജില്ലയിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ; വിശദാംശം നൽകാമോ ? | (ഡി) | ആർ.സി.സി.യുടെ ഒരു ഏർളി കാൻസർ ഡിറ്റക്ഷൻ സെന്റർ മുൻകൂർ രോഗ നിർണ്ണയത്തിനും തുടർ ചികിത്സാ സൗകര്യത്തിനുമായി പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ കാൻസർ കെയർ പദ്ധതി പാലക്കാട് ജില്ലാ ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും കീമോതെറാപ്പി പരിശീലനം ലഭിച്ച ഡോക്ടർമാരെയും നഴ്സുമാരെയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി രോഗികൾക്ക് കീമോതെറാപ്പി നൽകുകയും പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ